# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 13-03-2017 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 295

## യാത്രാ സൗകര്യത്തിനായി തുറമുഖ വകുപ്പിന്റെ പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. എം. വിൻസെന്റ് | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തീരദേശ നഗരങ്ങളെ ബന്ധപ്പെടുത്തി അതിവേഗ യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) | തീരദേശകപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി കേരള തീരത്തുള്ള തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് അതിവേഗ യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കോവളം - കന്യാകുമാരി, കൊച്ചി - തിരുവനന്തപുരം, കൊച്ചി - കോഴിക്കോട് എന്നീ മേഖലകളെ ബന്ധിപ്പിച്ച് സർവ്വീസ് നടത്തുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. കൊച്ചി - കോഴിക്കോട് മേഖലയിൽ സർവ്വീസ് നടത്തുന്നതിനുള്ള സ്വകാര്യ യാത്രാകപ്പൽ രജിസ്ട്രേഷനുൾപ്പടെയുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി എത്രയും വേഗം സർവ്വീസ് ആരംഭിക്കുന്നതാണ്. |
| (ബി) ഗതാഗത സൗകര്യത്തിനായി തുറമുഖങ്ങളുടെ റെയിൽ - റോഡ് കണക്ടിവിറ്റി വികസിപ്പിക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിവരിക്കുമോ; | (ബി) | ഉണ്ട്. ചെറുകിട തുറമുഖങ്ങളിലെ ഗതാഗത സൗകര്യത്തിനായി കൊല്ലം, അഴീക്കൽ, പൊന്നാനി എന്നീ തുറമുഖങ്ങളിലേക്ക് റെയിൽ കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിലേക്ക് പഠനറിപ്പോർട്ട് തയ്യാറാക്കുവാൻ റെയിൽ വികാസ് നിഗം ലിമിറ്റഡിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കൊല്ലത്ത് കൊച്ചുപിലാമൂട് മുതൽ കൊല്ലം തുറമുഖം വരെയുള്ള റോഡിന്റെ നിർമ്മാണം 90% പൂർത്തിയായി കഴിഞ്ഞു. |
| (സി) തുറമുഖങ്ങളിൽ നിന്നും ദേശീയ പാതയിലേക്കും റെയിൽവേ സ്റ്റേഷനുകളിലേക്കും റോഡുകൾ നിർമ്മിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ? | (സി) | ഉണ്ട്. കൊല്ലം ,അഴീക്കൽ , ബേപ്പൂർ എന്നീ തുറമുഖങ്ങളെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡ് വികസനം സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്താനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ